# കേരള കാർഷിക സർവ്വകലാശാല

## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം (ദക്ഷിണ മേഖല), കാർഷിക കോളേജ്, വെള്ളായണി

നം.ആർ.എ.ആർ.എസ് (എസ്.ഇസഡ്)/7/4004/25 തിയ്യതി 25.10.2025

**താഴെ പറയുന്ന പെയിന്റിംഗ് ജോലിയ്ക്കായി മുദ്രവെച്ച കവറിൽ മത്സര ക്വട്ടേഷനുകൾ ക്ഷണിക്കുന്നു**

ആർ.എ.ആർ.എസ് (എസ്.ഇസഡ്) ഓഫീസ് കെട്ടിടത്തിൽ പെയിന്റിംഗ് ജോലികൾ നടത്തുന്നതിനായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ നിരക്കുകൾ അടങ്ങിയ മുദ്രവച്ച ക്വട്ടേഷനുകൾ, താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം, നവംബർ 10-ാം തിയ്യതി 2.00 മണിക്ക് മുൻപ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**വ്യവസ്ഥകൾ**

1. ആർ.എ.ആർ.എസ് (എസ്.ഇസഡ്) ഓഫീസിന്റെ തെക്കുവശത്തുള്ള ബാഹ്യഭിത്തികൾ, സെയിൽസ് കൗണ്ടർ മുറി, നടുമുറി, അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ മുറി, നടുത്തളം എന്നിവിടങ്ങളിലാണ് പെയിന്റിംഗ് ജോലികൾ നിർവഹിക്കേണ്ടത്. മേല്പറഞ്ഞ ഇടങ്ങളിൽ റീവയറിംഗിനുശേഷം നീക്കംചെയ്യപ്പെട്ടിട്ടില്ലാത്ത, ഉപയോഗമില്ലാത്ത വയറുകൾ, കേബിളുകൾ ഇവ മാറ്റി, ഭിത്തിയിൽ വയറിംഗ് ആവശ്യത്തിനായി പൊളിച്ച ഭാഗങ്ങൾ വൃത്തിയാക്കി പുട്ടിയിട്ട് പെയിന്റിംഗ് നടത്തുകയും പെയിന്റ് ചെയ്യുന്ന ഭാഗങ്ങളിലുള്ള ജനലുകളിലും വാതിലുകളിലും പറ്റിപിടിച്ചിട്ടുള്ള പെയിന്റും പൊടിയും തുടച്ച് വൃത്തിയാക്കുകയും ചെയ്യുന്നതിനുള്ള നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.
2. പുറമെ പായൽ പിടിക്കാത്ത തരത്തിലുള്ളതും ഉള്ളിലുള്ള ഭാഗങ്ങളിൽ പരിസ്ഥിതി സൗഹൃദപരമായതുമായ പെയിന്റ് ആണ് ഉപയോഗിക്കേണ്ടത്. പെയിന്റ്, ബ്രാൻഡ്, അതിന്റെ തരം, ഫിനിഷ് എന്നിവ ക്വട്ടേഷനിൽ വ്യക്തമായി ഉൾക്കൊള്ളിക്കേണ്ടതാണ്. റീവയറിംഗ് മൂലം ഭിത്തിയിൽ വന്നിട്ടുള്ള കേടുപാടുകൾ പുട്ടിയിട്ട് വൃത്തിയാക്കിയശേഷം വേണ്ട ഭാഗങ്ങളിൽ പ്രൈമർ അടിച്ച് ഒരു ഏരിയയിൽ എത്ര കോട്ട് അടിക്കും എന്നതുൾപ്പെടെയുള്ള വിവരങ്ങളും ആവശ്യമായി വരുന്ന മെറ്റീരിയലുകൾ, തൊഴിൽ കൂലി എന്നിവയുടെ തുകയും വ്യക്തമാക്കണം. മുകളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് ഒരു സ്ക്വയർ മീറ്റർ ഭാഗം പെയിന്റ് ചെയ്യുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
3. ഓഫീസിൽ നിലവിലുള്ളതോ, ഓഫീസ് അധികാരികൾ നിർദ്ദേശിക്കുന്നതോ ആയ നിറം ഉപയോഗിക്കണം.
4. ക്വട്ടേഷൻ അടങ്ങിയ കവറിനു പുറത്തു **"പെയിന്റിംഗ് ജോലിക്കുള്ള ക്വട്ടേഷൻ"** എന്ന് എഴുതിയിരിക്കണം. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർഎആർഎസ് (എസ്ഇസഡ്), കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളായണി പി.ഒ., തിരുവനന്തപുരം, പിൻ: 695 522 എന്ന വിലാസത്തിലാണ് ക്വട്ടേഷനുകൾ ലഭിക്കേണ്ടത്. ഏതെങ്കിലും തരത്തിൽ അപൂർണ്ണമോ അവ്യക്തമോ ആയ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. **10.11.2025 ന് ഉച്ചയ്ക്ക് 2.00 മണി വരെ**

ക്വട്ടേഷനുകൾ സ്വീകരിക്കും. വൈകി കിട്ടുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. അതേ ദിവസം ഉച്ചയ്ക്ക് 2.30 ന് ലേലക്കാരുടെയോ, ഹാജരാകുന്ന അവരുടെ അംഗീകൃത പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.

5. ബാധകമായ നികുതികൾ, ഗതാഗതം, ലോഡിംഗ്, അൺലോഡിംഗ് ചാർജുകൾ മുതലായവ ഉൾപ്പെടുന്ന നിരക്കായിരിക്കണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻ നിരക്ക് 2026 മാർച്ച് മാസം 31 വരെ സാധുവായിരിക്കണം

6. ഓഫീസ് അധികാരികൾക്ക് ഏതു ക്വട്ടേഷനും സ്വീകരിക്കാനോ നിരസിക്കാനോ പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

7. വർക്ക് ഓർഡർ ലഭിച്ച തീയതി മുതൽ ഒരു ആഴ്ചയ്ക്കുള്ളിൽ പ്രവർത്തികൾ ആരംഭിക്കണം. വർക്ക് ഓർഡർ തിയ്യതി മുതൽ ഒരു മാസത്തിനകം ജോലികൾ പൂർത്തിയാക്കുകയും വേണം.

8. ക്വട്ടേഷനുകൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ഇതിനും ബാധകമായിരിക്കും. ഈ ക്വട്ടേഷനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി ഓഫീസ് സമയത്തു ഈ ഓഫീസിൽ നേരിട്ട് അന്വേഷിക്കാവുന്നതാണ്.

ഒപ്പ്
ഡോ.ശാലിനി പിള്ള.പി
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

പകർപ്പ് :

1. ഓഫീസ് നോട്ടീസ് ബോർഡ്
2. സർക്കുലേഷൻ
3. സെയിൽസ് കൗണ്ടർ, ഇൻസ്ട്രക്ഷണൽ ഫാം
4. പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
5. കൃഷി ഭവൻ, കല്ലിയൂർ
6. കെ.എ.യു വെബ്സൈറ്റ്
7. ഡോ.ഗീതാരാധാകൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ആർ.എ.ആർ.എസ് (എസ്.ഇസഡ്)

Austin

സെക്ഷൻ ഓഫീസർ